പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1930

07.03.2017 - ൽ മറുപടിയ്ക്ക്

## മുട്ടം പോളിടെക്നിക്ക് കോളേജ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൽദോസ് കുന്നപ്പിള്ളി | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഇടുക്കി, മുട്ടം പോളിടെക്നിക്ക് കോളേജിൽ എസ്.എഫ്.ഐ.യുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ പോലീസുദ്യോഗസ്ഥരെ വളഞ്ഞിട്ട് മർദ്ദിക്കുകയും പോലീസ് ജീപ്പ് തല്ലിതകർക്കുകയും ചെയ്ത സംഭവത്തിൽ കുറ്റക്കാർക്കെതിരെ കേസ് എടുത്തിട്ടുണ്ടോ; ഏതൊക്കെ വകുപ്പുകളനുസരിച്ചാണ് കേസ് ചാർജ് ചെയ്തത്; ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മുട്ടം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ: 97/17 u/s 143, 147, 148, 324, 332, 353, 341 r/w 149 IPC & 3(2) (e) of PDPP Act പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിലെ പ്രതികൾ ഒളിവിൽ ആയതിനാൽ ആരെയും അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. |
| (ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസുദ്യോഗസ്ഥരെ ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകളിൽപ്പെട്ട അംഗങ്ങൾ ആക്രമിച്ച എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; ആയതിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കാതിരുന്നതാണ് മുട്ടം പോളിടെക്നിക്ക് കോളേജിൽ പോലീസുദ്യോഗസ്ഥരെ മർദ്ദിക്കുവാൻ ഇടയാക്കിയതെന്ന് കരുതുന്നുണ്ടോ; | (ബി) കരുതുന്നില്ല. ഇക്കാര്യത്തിൽ 7 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ആയതിന് അപ്പപ്പോൾ തന്നെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരം കേസ്സുകളിൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) പോലീസുദ്യോഗസ്ഥർക്ക് നേരെ ഇത്തരത്തിലുള്ള ആക്രമണം അവരുടെ ആത്മവീര്യം തകർക്കുമെന്നതിനാൽ കുറ്റക്കാർക്കെതിരെ മുഖം നോക്കാതെ കർശന നടപടി കൈക്കൊള്ളുമോ? | (സി) പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള ആക്രമണം ഉണ്ടായാൽ കുറ്റക്കാർക്കെതിരെ മുഖം നോക്കാതെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ